പതിമൂന്നാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 5365

05-07-2012 - ൽ മറുപടിക്ക്

## ഐ റ്റി-മേഖലയിൽ സർക്കാർ നിക്ഷേപം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഇ.പി. ജയരാജൻ :** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) വിവര സാങ്കേതികവിദ്യാ വികസന രംഗത്ത് 2011-2012 വർഷത്തെ സർക്കാർ നിക്ഷേപം എത്രയെന്നു വ്യക്തമാക്കുമോ; | (എ) വിവരസാങ്കേതികവിദ്യാ വികസനരംഗത്ത് 2011-2012 വർഷം 14216.15 ലക്ഷം രൂപയുടെ നിക്ഷേപം സർക്കാർ നടത്തിയിട്ടുണ്ട്. |
| (ബി) ഏതെല്ലാം പദ്ധതി കൾക്കാണ് പ്രസ്തുത തുക നീക്കിവച്ചതെന്നു വ്യക്തമാക്കുമോ; | (ബി) കേരളസ്റ്റേറ്റ് ഐ.ടി. മിഷന്റെ നേതൃത്വത്തിൽ നടപ്പി ലാക്കുന്ന വിവിധ പദ്ധതികൾക്കായുള്ള ഗ്രാന്റ്ഇൻ എയ്ഡ്, സ്റ്റേറ്റ് പോർട്ടൽ, സ്റ്റേറ്റ് സർവ്വീസ് ഡെലിവറി ഗേറ്റ്‌വേ & ഇ-ഫോമ്സ് & അക്ഷയ കണക്റ്റിവിറ്റി, ഐ.സി.റ്റി ഫോർ അണ്ടർ പ്രിവിലേജ്ഡ് സെക്റ്റർ, സ്കിൽ എൻഹാൻസ്മെന്റ് ഓഫ് വുമൺ സ്റ്റുഡൻസ്, ഇൻസെന്റീവ് ഗ്രാൻഡ് ഫോർ യൂണിക് ഐഡന്റീഫിക്കേഷൻ (13-ാമത് ഫിനാൻസ് കമ്മീഷൻ അവാർഡ്), അക്ഷയ പ്രോജക്റ്റ്, കേരള സ്റ്റേറ്റ് സ്പേഷ്യൽ ഡാറ്റാ ഇൻഫ്രാസ്ട്രക്ച്ചർ, സൈബർ പാർക്കിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ, ആദ്യ ഐ.ടി. കെട്ടിടം, കോമൺ ഫെസിലിറ്റി സെന്റർ എന്നിവ യുടെ നിർമ്മാണം, ടെക്നോപാർക്കിലെ മൂന്നാംഘട്ട വികസന പദ്ധതിയിലെ ഭൂമി ഏറ്റെടുക്കലും മറ്റ് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും, ഇൻഫോപാർക്ക് കൊച്ചി രണ്ടാംഘട്ടത്തിലെ ഐ.ടി.കെട്ടിട നിർമ്മാണം, ചേർത്തല ഇൻഫോ പാർക്കിന് ഭൂമി ഏറ്റെടുക്കൽ, IIITMK യുടെ full- fledged കാമ്പസും മറ്റ് പദ്ധതികളും, സ്മാർട്ട്സിറ്റിയുടെ അടിസ്ഥാന സൗകര്യ വികസനം മുതലായ പദ്ധതികൾക്കാണ് പ്രസ്തുത തുക നീക്കിവെച്ചത്. |
| (സി) സർക്കാർ നിക്ഷേപം ഉപ യോഗപ്പെടുത്തി 2011-12 വർഷത്തിൽ ആരംഭിച്ച പദ്ധതികൾ ഏതെല്ലാ മെന്നു വ്യക്തമാക്കുമോ; | (സി) ഇ-പ്രക്യൂർമെന്റ്, ഇ-ഡിസ്ട്രിക്റ്റ് റോൾഔട്ട്, യു.ഐ.ഡി. റോൾഔട്ട്, പുതിയ സംസ്ഥാന ഡാറ്റാ സെന്റർ, സൈബർപാർക്കിന് വേണ്ടി ഭൂമി ഏറ്റെടുക്കൽ, ആദ്യ ഐ.ടി. കെട്ടിടം, കോമൺ ഫെസിലിറ്റി സെന്റർ എന്നിവയുടെ നിർമ്മാണം, ടെക്നോപാർക്കിലെ മൂന്നാംഘട്ട വികസന പദ്ധതിയിലെ ഭൂമി ഏറ്റെടുക്കലും മറ്റ് അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങളും, ഇൻഫോ പാർക്ക് |

കൊച്ചി രണ്ടാംഘട്ടത്തിലെ ഐ.ടി. കെട്ടിട നിർമ്മാണം, ചേർത്തല ഇൻഫോ പാർക്കിന് ഭൂമി ഏറ്റെടുക്കൽ, **IIITMK** യുടെ **full- fledged** കാമ്പസും മറ്റ് പദ്ധതികളും, സ്മാർട്ട്സിറ്റിയുടെ അടിസ്ഥാന സൗകര്യ വികസനം മുതലായവയാണ് 2011-12 വർഷത്തിൽ ആരംഭിച്ച പദ്ധതികൾ.

(ഡി) പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ;

(ഡി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ കോട്ടയം, പത്തനംതിട്ട, മലപ്പുറം എന്നീ ജില്ലകളെയാണ് തിരഞ്ഞെടുത്തിരിക്കുന്നത്. സംസ്ഥാന ഡാറ്റ സെന്റർ (പുതിയത്) നാളിതുവരെ 40 വകുപ്പുകളുടെ വെബ്/ ആപ്ളീക്കേഷനുകൾ ഹോസ്റ്റ് ചെയ്യുകയും 10 വകുപ്പുകളുടെ സർവർ കോ-ലോക്കേറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. പൊതുമരാമത്ത്, ജലസേചനം, ഗതാഗതം, പോലീസ് എന്നീ വകുപ്പുകളിലാണ് ഇ-പ്രൊക്യൂർമെന്റ് പ്രാരംഭഘട്ടത്തിൽ നടപ്പിലാക്കുന്നത്. പൊതുമരാമത്ത് വകുപ്പിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. മറ്റു വകുപ്പുകളിൽ നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചു വരുന്നു. ആധാർ എൻറോൾമെന്റ് അക്ഷയ, കെൽട്രോൺ എന്നീ ഏജൻസികൾ വഴി എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 85ലക്ഷം പേരുടെ ആധാർ എൻറോൾമെന്റ് നടന്നു: കൂടാതെ സംസ്ഥാന ഡേറ്റാ സെന്ററിൽ സ്റ്റേറ്റ് റെസിഡൻഷ്യൽ ഡേറ്റാ ഹബ് സംവിധാനം വഴി വിവിധ വകുപ്പുകളുടെ ഡേറ്റാ ബേസിൽ ആധാർ നമ്പർ ഉൾപ്പെടുത്താനുള്ള സംവിധാനം സജ്ജമാക്കി. സൈബർപാർക്കിന്റെ 2011-12ൽ ആരംഭിച്ച കോമൺ ഫെസിലിറ്റി സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ഏകദേശം 80 ശതമാനം പൂർത്തീകരിച്ചു. ചുറ്റു മതിലിന്റെ നിർമ്മാണം പൂർത്തീകരിച്ചു വരുന്നു. ടെക്നോപാർക്ക് മൂന്നാംഘട്ടം പൂർത്തിയായി കൊണ്ടിരിക്കുന്നു. ഇൻഫോപാർക്ക് രണ്ടാംഘട്ടത്തിൽ നാല് ലക്ഷം ചതുരശ്ര അടി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

(ഇ) പ്രസ്തുത പദ്ധതികളുടെയാകെ സർക്കാർ നിക്ഷേപത്തിന്റെ അടങ്കൽ തുക എത്രയെന്നും അതിൽ എത്ര തുക പദ്ധതി പ്രവർത്തനത്തിനു നൽകിയെന്നും എത്ര ശതമാനം തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

(ഇ) പ്രസ്തുത പദ്ധതികളുടെയാകെ സർക്കാർ നിക്ഷേപത്തിന്റെ അടങ്കൽ തുകയായ 12252 ലക്ഷം രൂപയിൽ 11884.5ലക്ഷം രൂപ പദ്ധതി പ്രവർത്തനങ്ങൾക്ക് നൽകിയതിൽ 8437.29 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾക്കായി നൽകിയ തുകയിൽ 71% ചെലവഴിച്ചു.

**സെക്ഷൻ ആഫീസർ**